April is autism awareness month. This poem is dedicated to children with Autism spectrum disorder, their family, and to our daughter Shreya, who is also in the "spectrum". Every day we face challenges, and explore the opportunities, this special condition can bring to a family.
Yes, we are in a fight, with positive spirit!!!
We don't ask for sympathy, but we need inclusion and acceptance as everyone else.

# Autism
# ഒറ്റമരക്കാട്

ഓട്ടിസം ഒരു ഒറ്റമരക്കാട്
മണൽ കാഴ്ച്ചക്കപ്പുറം
നിറമേറിയ ഈ
ഒരിതൾ പൂവ്

ചിരിയും കരച്ചിലും
വ്യംഗ്യാർത്ഥം ആക്കിയ ആൾ തിരക്കിൽ
നിയമങ്ങളുടെ ലോകത്തിനു
മുഖം തിരിച്ച് ഇങ്ങനെ
ഒരു ഒറ്റസഞ്ചാരി

മഴക്കാറുള്ള
ഒരു ധനുമാസരാവിൽ
നേരം തെറ്റിവന്നു
ഏറെ തിളക്കത്ത്തോടെ ഈ
ഒറ്റ നക്ഷത്രം

അതിരുകളും അരുതുകളും
ചോദ്യോത്തരങ്ങളും ഇല്ലാത്ത
സ്വച്ഛമായ ഈ രാജ്യത്ത് നീ
എകാധിപതി

അച്ഛൻ
നിന്റെ ലോകത്തിന്റെ
ഉറക്കം നഷ്ടപെട്ട
കാവൽക്കാരൻ
ചിരിയിൽ
നിലവിളി ഒളിപ്പിച്ചു നിങ്ങൾക്കു മുന്നിൽ
ഇങ്ങനെ

അമ്മ
കണ്ണുനീർ വറ്റാത്ത
കാത്തിരുപ്പ്
ചിപ്പിക്കുള്ളിൽ
ഒളിപ്പിച്ച
നിന്റെ മൊഴി മുത്തിനായ്
കാതോർത്തു ഇവിടെ
ഇങ്ങനെ

ഞങ്ങൾ
തോൽക്കാനാവാത്ത
ഒരു യുദ്ധത്തിലാണ്
ഞങ്ങളെ കണ്ടില്ലെന്നു നടിച്ചാലും.

*Sasilekha Jyothik*
www.facebook.com/EyeCloudPoems



UNTIL ALL OF THE PIECES FIT

Jyothik, Third Eye Designs.



Malayalam poems by
Sasilekha Jyothik
Eye-Cloud
മിഴിമേഘം before the rain...

www.facebook.com/EyeCloudPoems